2008
ആഗസ്റ്റ് 13
ബുധൻ

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 WEDNESDAY AUGUST 13 , 2008 SHA'ABAN 12, 1429. PAGE 16, ISSUE 3421



എൽ.എം.ആർ.എയുടെ പരിശീലനം പൂർത്തിയാക്കിയ വിദ്യാർഥികൾ ഉദ്യോഗസ്ഥർക്കൊപ്പം

# വിദ്യാർഥികൾക്ക് എൽ.എം.ആർ.എ പരിശീലനം: ആദ്യ ബാച്ച് പുറത്തിറങ്ങി

മനാമ: രാജ്യത്തെ പ്രാദേശിക, വിദേശ യൂനിവേഴ്സിറ്റികളിൽനിന്നും തെരഞ്ഞെടുത്ത വിദ്യാർഥികൾക്കായി എൽ.എം.ആർ.എ സംഘടിപ്പിച്ച പരിശീലനം പൂർത്തിയാക്കി പ്രഥമ ബാച്ച് പുറത്തിറങ്ങി. തൊഴിൽ മേഖലയെയും അതിൻെറ വികാസത്തെയും കുറിച്ചും മറ്റും ബോധവത്കരണവും പ്രയോഗിക പരിശീലവും ഉദ്ദേശിച്ചുള്ള പ്രത്യേക പദ്ധതിയാണിത്.

യൂനിവേഴ്സിറ്റികളുമായി സഹകരിച്ച് നടത്തുന്ന ഈ പദ്ധതി വിദ്യാർഥികൾക്ക് അവരുടെ ഭാവി ജീവിതത്തിൽ ഏറെ പ്രയോജനപ്പെടും. വ്യത്യസ്ത യൂനിവേഴ്സിറ്റികളിൽനിന്നും തെരഞ്ഞെടുത്ത 16 വിദ്യാർഥികൾക്കാണ് എൽ.എം.ആർ.എയുടെ വിവിധ കേന്ദ്രങ്ങളിൽ പരിശീലനം നൽകിയതെന്ന് ഹ്യൂമൻ റിസോഴ്സ് ആൻറ് അഡ്മിനിസ്ട്രേഷൻ ഡയറക്ടർ അബ്ദുൽ അസീസ് അൽഅറാദി പറഞ്ഞു.

പദ്ധതി ഇനിയും തുടരുകയും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവരെ അക്കാദമിക നിലവാരം അനുസരിച്ച് വ്യത്യസ്ത ഡിപ്പാർട്ടുമെൻറുകളിൽ നിയമിക്കുകയും ചെയ്യും.